# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1770** 06.07.2015 ലെ മറുപടിയ്ക്ക്

## <u>സ്വാതന്ത്ര്യ സമര പെൻഷൻ</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ എത്രയാണെന്നും ഇതിൽ കേന്ദ്ര പെൻഷൻ വാങ്ങുന്നവർ, സംസ്ഥാന പെൻഷൻ വാങ്ങുന്നവർ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | 4719 പേർ കേരള സ്വാതന്ത്ര്യ സമര പെൻഷൻ /ഇടർ പെൻഷൻ വാങ്ങുന്നുണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന കേന്ദ്ര സ്വാതന്ത്ര്യ സമര പെൻഷൻ തെരഞ്ഞെടുക്കപ്പെട്ട പൊതു മേഖലാ ബാങ്കുകൾ വഴി നേരിട്ട് വിതരണം ചെയ്യുന്നതിനാൽ കേന്ദ്ര സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല |
| (ബി) രണ്ട് പെൻഷനും ഒന്നിച്ച് വാങ്ങുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) സംസ്ഥാന പെൻഷൻ ഇപ്പോൾ എത്ര രൂപയാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | നിലവിൽ 6125/- രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60 ശതമാനം ക്ഷാമബത്തയും (3675/-രൂപ) സഹിതം 9800/-രൂപ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനായി അനുവദിക്കുന്നുണ്ട്. |
| (ഡി) പെൻഷൻ തുക വർദ്ധിപ്പിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ; | (ഡി) | കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ 10.9.2012-ൽ ആണ് അവസാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഇതിന് 01.08.2012 മുതൽ പ്രാബല്യമുണ്ട്) |

| | | | |
|---|---|---|---|
| (ഇ) | പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ